"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ നിലവിലുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**66/2026/LSGD** തീയതി,തിരുവനന്തപുരം, **08-01-2026**

---

പരാമർശം:-
1. **29.10.2024** തീയതിയിലെ സ.ഉ. (സാധാ) നം.**2066 / 2024/LSGD** നമ്പർ ഉത്തരവ്
2. പ്രിൻസിപ്പൽ ഡയറക്ടറുടെ **09.10.2025** തീയതിയിലെ **LSGD/PD/38209/2024-DPLD3** നമ്പർ കത്ത്.
3. **22.10.2025** തീയതിയിലെ സ.ഉ.(സാധാ) നം.**2549 /2025**/തസ്വഭവ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്- കം-ഐ.ടി അസിസ്റ്റന്റ് എന്നിവരുടെ കരാർ കാലാവധി **2025** ഒക്ടോബർ **28** വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സമയമായതിനാൽ ജീവനക്കാരുടെ പെർഫോമൻസ് അപ്രൈസൽ നടത്തുക ക്ലേശകരമാണെന്നും ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി ഒരു ദിവസത്തെ ഇടവേള നൽകി കൊണ്ട് മൂന്ന് മാസത്തേക്ക് കൂടി താൽക്കാലികമായി ദീർഘിപ്പിച്ച് നൽകുകയും തുടർന്ന് അപ്രൈസൽ നടത്തി യോഗ്യരായവരെ ഒരു വർഷക്കാലത്തേക്ക് താൽക്കാലികമായി പുനർനിയമനം നൽകുകയോ ചെയ്യണമെന്നും പരാമർശം (2) പ്രകാരം **LSGD** പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർ ത്ഥിക്കുകയുണ്ടായി. തുടർന്ന്, പരാമർശം (3) ഉത്തരവ് പ്രകാരം പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്- കം- ഐ.ടി അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ കരാർ കാലാവധി, ഒരു

ദിവസത്തെ ഇടവേള നൽകി മൂന്ന് മാസത്തേക്ക് കൂടി താൽക്കാലികമായി ദീർഘിപ്പിച്ച് നൽകിയിരുന്നു.

2. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ജീവനക്കാരുടെ തുടർ സേവനം ആവശ്യമായതിനാലും **LSGD** പ്രിൻസിപ്പൽ ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ചും, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്- കം- ഐ.ടി അസിസ്റ്റന്റ് തസ്തികളിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്ന ജീവനക്കാരുടെ കരാർ കാലാവധി, അവരുടെ പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ, പരാമർശം (3) പ്രകാരമുള്ള കാലാവധിക്ക് ശേഷം, കരാർ നിയമനവുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പിന്റെ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, ഒന്നോ രണ്ടോ ദിവസത്തെ ഇടവേള നൽകി ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൌൺസിൽ ചെയർപേഴ്സൺ/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( **25.12.2025**ലെ **e-2855572**/ഡെവ-**1/133/2024**/ധന പ്രകാരം)
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്( വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, **IKM**
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 09-01-2026 10:36:42
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്